പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 209 5-03-2012 – ൽ മറുപടിയ്ക്ക്

## ഹീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി നിയോഗിച്ച കമ്മിറ്റി

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. എ. എം. ആരിഫ് | | കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി |
| (എ) | പീലിംഗ് തൊഴിലാളികളുടെ ക്ഷേമ ത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഫിഷറീസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായി മുൻസർക്കാർ നിയോഗിച്ച കമ്മിറ്റി പ്രധാനമായും എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചത്; | (എ) | പ്രധാന ശുപാർശകൾ താഴെപ്പറയുന്നു:<br>1.എല്ലാത്തരം പീലിംഗ് ഷെഡുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുക.<br>2.പീലിംഗ് തൊഴിലാളികളുടെ ജീവിത നിലവാരവും ആരോഗ്യവും മെച്ചപ്പെടു ത്തുന്നതിന് ഒരു ഹെൽത്ത് പാക്കേജ് നടപ്പിലാക്കുക.<br>3.പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും ജില്ലാതല നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കുക.<br>4.ഇ.എസ്.ഐ ആനുകൂല്യം ലഭ്യമാക്കുക .<br>5.എല്ലാ പീലിംഗ് തൊഴിലാളികളേയും ഫണ്ട് ബോർഡിൽ അംഗങ്ങളാക്കുക.<br>6.എല്ലാ പീലിംഗ് ഷെഡുകളിലും മസ്റ്റർ റോൾ നിർബന്ധമാക്കുകയും മിനിമം കൂലിയും ജോലിയും ഉറപ്പാക്കുകയും ചെയ്യുക.<br>7.ബോധവത്ക്കരണ ക്യാമ്പുകളും മെഡിക്കൽ ക്യാമ്പുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുക |
| (ബി) | എന്ത് കാരണത്താലാണ് കൂടുതൽ സമഗ്രപഠനം വേണമെന്ന നിർദ്ദേശിച്ചത്; | (ബി) | കൂടുതൽ സമഗ്രപഠനം വേണമെന്ന് നിർദ്ദേശിച്ചിട്ടില്ല. ആരോഗ്യ വകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ പീലിംഗ് തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾക്ക് നടപടി സ്വീകരിക്കാനുള്ളതിനാൽ, പ്രശ്ന പരിഹാര ത്തിനായി ഈ വകുപ്പുകൾ തുടങ്ങുന്ന പ്രവൃത്തികൾ ഏകോപിക്കുന്നതിനുവേണ്ടി ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു പുതിയ കമ്മറ്റി രൂപീകരിച്ചുത്തരവായിരുന്നു. |
| (സി) | പുതിയ സർക്കാർ ഇക്കാര്യത്തിൽ | (സി) | 18.8.2011-ലെ 562/11/മ.തു.വ. നമ്പർ |

| | | | |
|---|---|---|---|
| | കമ്മിറ്റിയെ നിയോഗിച്ചുവോ; ആരെല്ലാമാണ് അതിലെ അംഗങ്ങൾ; | | സർക്കാർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.<br><br>1.ഫിഷറീസ് ഡയറക്ടർ -ചെയർമാൻ<br>2.അഡീഷണൽഡയറക്ടർ - ഹെൽത്ത് ഡയറക്ടറേറ്റ് - മെമ്പർ<br>3.അഡീഷണൽ ഡയറക്ടർ - പഞ്ചായത്ത് ഡയറക്ടറേറ്റ് മെമ്പർ<br>4.അഡീഷണൽ ലേബർ കമ്മീഷണർ - മെമ്പർ<br>5.ജോയിന്റ് ഡയറക്ടർ, എം.പി.ഇ.ഡി.എ -മെമ്പർ<br>6.സീനിയർ എൺവയോൺമെന്റ് എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്- മെമ്പർ<br>7.ജോയിന്റ് ഡയറക്ടർ,അർബൻ അഫയേർസ് -മെമ്പർ<br>8.ഫിഷറീസ് ജോയിന്റ് ഡയറക്ടർ (എച്ച്. ക്യൂ) -മെമ്പർ<br>9.ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് (പി.എം.ഇ) -കൺവീനർ |
| (ഡി) | ആ കമ്മിറ്റി ഇതിനോടകം എത്ര യോഗങ്ങൾ ചേർന്നു; എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചത്; | (ഡി) | രണ്ട് യോഗങ്ങൾ ചേർന്നു. മുൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോവകുപ്പും പീലിംഗ് തൊഴിലാളികളുടെ പ്രശ്നപരിഹാരത്തിനു തയ്യാറാക്കേണ്ട പ്രൊപ്പോസലുകൾ സംബന്ധിച്ച ചർച്ചകൾ നടത്തുകയുണ്ടായി. |
| (ഇ) | പീലിംഗ് തൊഴിലാളികൾ അധികമായുള്ള പ്രദേശത്തെ നിയമസഭാംഗങ്ങളുമായി ചർച്ച ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകുമോ; റിപ്പോർട്ട് നൽകുന്നതിന് കാലാവധി നിശ്ചയിച്ചു നൽകുമോ; | (ഇ) | പരിശോധിക്കാവുന്നതാണ്. |
| (എഫ്) | മുൻ നിയമസഭാ അംഗം ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ കൺവീനറായും മത്സ്യഫെഡ് ചെയർമാൻ തുടങ്ങിയവർ അംഗങ്ങളായും ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പീലിംഗ് തൊഴിലാളികളുടെ മിനിമം വേതനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നൽകിയ ശുപാർശ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ നടപ്പാക്കുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ ? | (എഫ്) | രജിസ്റ്റർ ചെയ്തിട്ടുള്ള പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന പീലിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ